# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.450

## 29-05-2019 ൽ മറുപടിക്ക്

## കിഫ്ബി വഴി നടപ്പിലാക്കുന്ന പദ്ധതികൾ

| ചോദ്യം<br>ശ്രീ. പി. അനിൽ കുമാർ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് കിഫ്ബി വഴി നടപ്പിലാക്കുന്ന എത്ര പദ്ധതികൾക്ക് ഇതിനകം ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | സംസ്ഥാനത്ത് കിഫ്ബി വഴി 42306.05 കോടി രൂപയുടെ 536 പദ്ധതികൾക്ക് കിഫ്ബിയുടെ ധനാനുമതി നൽകിയിട്ടുണ്ട്. |
| (ബി) ഇതിൽ ഇതിനകം എത്ര കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള കരാറിൽ ഒപ്പ് വച്ചിട്ടുണ്ട്; | ഇതിൽ 7308.06 കോടി രൂപയുടെ 241 പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള കരാറിൽ ഒപ്പ് വച്ചിട്ടുണ്ട്. |
| (സി) 2019 മാർച്ച് 31 വരെ എത്ര പദ്ധതികളുടെ പണി പൂർത്തിയായെന്നും അതിന്റെ ആകെ തുക എത്രയാണെന്നും വ്യക്തമാക്കുമോ; | കിഫ്ബി അംഗീകരിച്ച ആരോഗ്യ-വിദ്യാഭ്യാസ-ശുദ്ധജലവിതരണ മേഖലകളിലെ വൻ പദ്ധതികൾ നിരവധി ഉപഘടകങ്ങൾ ചേർന്നതാണ്. ഇതിൽ താഴെപറയുന്ന ഘടകങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്.<br>44 ഡയാലിസിസ് സെൻററുകളിൽ 38 എണ്ണം പൂർത്തിയായിട്ടുണ്ട്. കാത്ത് ലാബ് & സി.സി.യു. എന്നിവയിൽ 6 എണ്ണം പൂർത്തിയായിട്ടുണ്ട്. വനം വകുപ്പിന് കീഴിലുള്ള സോളാർ ഫെൻസിങ്ങ് പദ്ധതി 8 സ്ഥലങ്ങളിൽ പൂർത്തിയായിട്ടുണ്ട്. ട്രാൻസ്ഗ്രിഡ് കൊച്ചി ലൈൻസ് പാക്കേജിന്റെ ഒന്നാം ഘട്ടവും പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ കേരളത്തിലെ 14 ജില്ലകളിലെ സ്കൂളുകളിൽ നടപ്പിലാക്കുന്ന ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി 98%ത്തോളം പ്രവർത്തികളും പൂർത്തിയായിട്ടുണ്ട്. രണ്ട് കുടിവെള്ള പദ്ധതികൾ പൂർണമായും 4 കുടിവെള്ള പദ്ധതികളുടെ വിവിധ ഘടകങ്ങളും പൂർത്തിയായിട്ടുണ്ട്. |

| | |
|---|---|
| | 2019 മാർച്ച് 31 വരെ 1084.96 കോടി രൂപയുടെ വിവിധ പദ്ധതികളുടെ പണി പൂർത്തിയായിട്ടുണ്ട്. |
| (ഡി) ബഡ്ജറ്റിൽ കിഫ്ബി വഴി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള വൻകിടപദ്ധതികളുടെ പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | കിഫ്ബി വഴി നടപ്പിലാക്കുമെന്ന് ബജറ്റിൽ പ്രഖ്യപിച്ച പദ്ധതികളുടെ വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കുന്നത് ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസികളാണ്. പദ്ധതി നിർവ്വഹണ ഏജൻസികൾ സമർപ്പിച്ച ഡി.പി.ആർ വിശദമായി അവലോകനം നടത്തി കിഫ്ബി അംഗീകരിച്ച മാനദണ്ഡങ്ങൾക്ക് അനുസൃതമാണെന്ന് ഉറപ്പാക്കിയ ശേഷമാണ് ബോർഡ് അംഗീകാരം നൽകുന്നത്. |

സെക്ഷൻ ഓഫീസർ